(സി) ടെൽക്ക് - എൻ.റ്റി.പി.സി. സംയുക്ത സംരംഭം പ്രകാരം നടപ്പാക്കേണ്ടിയിരുന്ന നൂതന സാങ്കേതിക വിദ്യ നടപ്പിലാക്കാത്തതാണ് കമ്പനി നേരിടുന്ന പ്രധാന പ്രതിസന്ധി. ഇതോടൊപ്പംതന്നെ ബഹുരാഷ്ട്ര കമ്പനികളിൽനിന്ന് കടുത്ത മത്സരം നേരിടുന്നതും നിർമ്മാണ ചെലവിന് ആനുപാതികമായുള്ള വില ലഭിക്കാത്തതും ടെൽക്കിനെ പ്രതിസന്ധിയിലാക്കുന്നു.

(ഡി&ഇ) കൂടുതൽ ഉൽപാദനശേഷിയുള്ള ട്രാൻസ്ഫോർമറുകൾ നിർമ്മിക്കുന്നതിനാവശ്യമായ ആധുനിക ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനു വേണ്ട 25 കോടി രൂപയുടെ വികസന പദ്ധതി ഈ വർഷം സംസ്ഥാന സർക്കാരിന്റെയും എൻ.റ്റി.പി.സി.-യുടെയും ധനകാര്യ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി നടപ്പിലാക്കുന്നതാണ്.

(എഫ്) ദീർഘകാല കരാറിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

പൊതുമേഖലാ സ്ഥാപനങ്ങളുടെ മൂലധനച്ചെലവിലേയ്ക്കുള്ള സർക്കാർ വിഹിതം

218 (3372) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ മൂലധനച്ചെലവ് വിഹിതത്തിലേക്ക് എത്ര തുക നൽകുകയുണ്ടായി;

(ബി) ഓരോ പൊതുമേഖലാ സ്ഥാപനത്തിനും മൂലധനച്ചെലവ് വിഹിതത്തിലേക്ക് നൽകിയ തുക എത്രയാണെന്നും ഏത് വർഷമാണ് തുക നൽകിയതെന്നും വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ മൂലധനച്ചെലവ്, നവീകരണ വികസന പദ്ധതികൾ എന്നിവയ്ക്കായി 718.50 കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്.

(ബി) ഓരോ പൊതുമേഖലാ സ്ഥാപനങ്ങൾക്കും നൽകിയ ധനസഹായത്തിന്റെ വിവരം അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly